13-ാം കേരള നിയമസഭ

9-ാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 45

10.06.2013 ലെ മറുപടിക്ക്

## അഖിലേന്ത്യാ സർവ്വീസിൽ നിന്നും വിരമിച്ച ഉദ്യോഗസ്ഥർക്ക് നിയമനം

ചോദ്യം

ശ്രീ. ഇ. പി. ജയരാജൻ

ഉത്തരം

ശ്രീ. ഉമ്മൻ ചാണ്ടി,
ബഹു. മുഖ്യമന്ത്രി

| | | |
|---|---|---|
| (എ) | അഖിലേന്ത്യാ സർവ്വീസുകളിൽ നിന്നും പെൻഷൻ പറ്റിയ എത്ര ഉദ്യോഗസ്ഥർക്ക് ഈ സർക്കാരിന്റെ പുനർനിയമനമോ മറ്റുതരത്തിലുള്ള നിയമനമോ നൽകിയിട്ടുണ്ടെന്നുള്ളതു വ്യക്തമാക്കുമോ; | അഖിലേന്ത്യാ സർവ്വീസുകളിൽ നിന്നും പെൻഷൻ പറ്റിയ 20 ഉദ്യോഗസ്ഥർക്ക് ഈ സർക്കാരിന്റെ പുനർനിയമനമോ മറ്റുതരത്തിലുള്ള നിയമനമോ നൽകിയിട്ടുണ്ട്. |
| (ബി) | ആർക്കെല്ലാമാണ് ഇത്തരത്തിൽ നിയമനം നൽകിയിട്ടുണ്ടെന്നുള്ളതു വ്യക്തമാക്കുമോ; | ഉത്തരം അനുബന്ധമായി ചേർക്കുന്നു. |
| (സി) | ഇത്തരത്തിൽ നിയമനം ലഭിച്ചിട്ടുള്ള ഓരോരുത്തർക്കും എന്തെല്ലാം ഔദ്യോഗിക സൗകര്യങ്ങളാണു ലഭ്യമാക്കിയിട്ടുള്ളതെന്നു വ്യക്തമാക്കുമോ? | |

സെക്ഷൻ ഓഫീസർ

| ക്രമ നമ്പർ | പേര് | നിയമിച്ച തസ്തിക (വകുപ്പ്) | സേവന-വേതന വ്യവസ്ഥകൾ |
|---|---|---|---|
| 1. | ശ്രീ. എം.പി ജോസഫ് ഐ.എ.എസ് | ഇൻഡസ്ട്രിയൽ റിലേഷൻസ് ആൻഡ് പ്രോജക്ട് ഫിനാൻസിംഗ് സംബന്ധിച്ച് സർക്കാരിന്റെ കൺസൾട്ടന്റ് ആയും ലേബർ റിഫോംസ് സംബന്ധിച്ച അഡ്വൈസറായും (തൊഴിൽ വകുപ്പ്) | പ്രതിമാസം ഒരു ലക്ഷം രൂപ പ്രതിഫലം (കൺസോളിഡേറ്റഡ്), ഔദ്യോഗിക വാഹനം (ഹോണ്ട സിറ്റി), കൂടാതെ ഔദ്യോഗിക വസതി ലഭ്യമാക്കുന്നതിന് എറണാകുളം ജില്ലാ കളക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കൂടാതെ സ്റ്റാഫ് ഇനത്തിൽ 18740-33680/- രൂപ ശമ്പള നിരക്കിൽ ഒരു താത്ക്കാലിക പേഴ്സണൽ അസിസ്റ്റന്റ്, 11620-20240/- രൂപ ശമ്പള നിരക്കിൽ ഒരു താത്ക്കാലിക ഓഫീസ് അസിസ്റ്റന്റ്, ദിവസ വേതന അടിസ്ഥാനത്തിൽ ഒരു ഡ്രൈവർ, ഒരു ഓഫീസ് അറ്റന്റന്റ്, പാർട്ട് ടൈം സ്വീപ്പർ എന്നീ തസ്തികകളും അനുവദിച്ചിട്ടുണ്ട്. |
| 2. | ഡോ: പി. പ്രഭാകരൻ ഐ.എ.എസ് | അഡ്വൈസർ പ്രോജക്ട്സ് (പൊതുഭരണ വകുപ്പ്) | ഇദ്ദേഹത്തിന് ചീഫ് സെക്രട്ടറിയുടെ സ്റ്റാറ്റസ് നൽകിയിരുന്നു. അദ്ദേഹം തൽസ്ഥാനം രാജിവച്ചു. |
| 3. | ശ്രീ. പി. ജോയ് ഉമ്മൻ ഐ.എ.എസ് | അഖിലേന്ത്യാ സർവ്വീസിൽ നിന്നും വിരമിച്ച ശ്രീ. പി. ജോയ് ഉമ്മൻ ഐ.എ.എസിനെ കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ കോർപ്പറേഷനിൽ ചെയർമാൻ & മാനേജിംഗ് ഡയറക്ടറായി പുനർ നിയമനം നൽകി (ധനകാര്യ വകുപ്പ്) | ശ്രീ. പി. ജോയ് ഉമ്മൻ ഐ.എ.എസിന് ഔദ്യോഗിക വാഹനവും ഓദ്യോഗിക വസതിയും കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ നൽകിയിട്ടുണ്ട്. അദ്ദേഹത്തിന്റെ വേതന വ്യവസ്ഥ നിശ്ചയിച്ചിട്ടില്ല. |
| 4. | ഡോ. സുബ്ബയ്യ ഐ.എ.എസ് | 1. പാലക്കാട് ആരംഭിക്കുന്ന മെഡിക്കൽ കോളെജിന്റെ സ്പെഷ്യൽ ഓഫീസർ (പട്ടികജാതി വികസന വകുപ്പ്)<br>2. പാലക്കാട് ജില്ലയിൽ പ്രത്യേകിച്ച് അട്ടപ്പാടിയിൽ പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ക്ഷേമത്തിനായി വിവിധ വകുപ്പുകൾ/ഏജൻസികളുടെ പ്രവർത്തനങ്ങൾ | 1. പാലക്കാട് ആരംഭിക്കുന്ന മെഡിക്കൽ കോളെജിന്റെ സ്പെഷ്യൽ ഓഫീസർ എന്ന നിലയിൽ പുനർ നിയമന ശമ്പളം 37,275 രൂപ.<br>2. അട്ടപ്പാടിയിൽ പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ക്ഷേമത്തിനായി വിവിധ വകുപ്പുകൾ/ഏജൻസികളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്ന നോഡൽ |

| | | | |
|---|---|---|---|
| | | ഏകോപിപ്പിക്കുന്ന നോഡൽ ഓഫീസറായും നിയമനം നൽകിയിട്ടുണ്ട്. | ഓഫീസർ എന്ന നിലയിലുള്ള യാത്രാസൗകര്യവും എൻ.ആർ.എച്ച്.എം. നടത്തുന്നതാണ്. |
| 5 | ശ്രീ. കെ. മോഹൻദാസ് ഐ.എ.എസ് | കേരള ഷിപ്പിംഗ് & ഇൻലാന്റ് നാവിഗേഷൻകോർപ്പറേഷൻ ലിമിറ്റഡ് എന്ന പൊതുമേഖലാ സ്ഥാപനത്തിന്റെ ചെയർമാനായി റിട്ടയാർഡ് ഐ.എഎസ്. ഉദ്യോസ്ഥനായ ശ്രീ. കെ. മോഹൻദാസിനെ നിയമിക്കുകയുണ്ടായി. | ചെയർമാന് ഒരു ഔദ്യോഗിക വാഹനം കമ്പനി നൽകിയിട്ടുണ്ട്. |
| 6 | ശ്രീമതി. ലിഡ ജേക്കബ് ഐ.എ.എസ്. | ശ്രീമതി. ലിഡ ജേക്കബ് ഐ.എ.എസ്-നെ അഡ്വൈസർ (ജൻഡർ & ചൈൽഡ് പ്രൊട്ടക്ഷൻ) ആയി ഒരു വർഷത്തേയ്ക്ക് കരാറടിസ്ഥാനത്തിൽ പുനർനിയമന വ്യവസ്ഥ പ്രകാരം നിയമിച്ചിട്ടുണ്ട്. | ശ്രീമതി. ലിഡ ജേക്കബ് ഐ.എ.എസ്-ന് ഗവൺമെന്റ് സെക്രട്ടറിയുടെ സ്റ്റാറ്റസ് നൽകിയിട്ടുണ്ട്. ടിയാന് ഔദ്യോഗിക വാഹനവും, ഔദ്യോഗിക ഓഫീസും, ടെലഫോൺ സൗകര്യവും (എസ്.റ്റി.ഡി)അനുവദിച്ചിട്ടുണ്ട്. ഒരു താത്ക്കാലിക പേഴ്സണൽ അസിസ്റ്റന്റ്, ഒരു താത്ക്കാലിക ഓഫീസ് അസിസ്റ്റന്റ്, ഡ്രൈവർ എന്നിവരെ താൽക്കാലികമായി കോൺട്രാക്ട് അടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്. ടിയാന് ക്ലാസ്-1 ഓഫീസറുടെ റ്റി.എ. ഡി.എ അംഗീകരിച്ചിട്ടുണ്ട്. |
| 7 | ശ്രീമതി. നീല ഗംഗാധരൻ ഐ.എ.എസ് | ശ്രീമതി. നീല ഗംഗാധരൻ ഐ.എ.എസ്-നെ കേരള സ്റ്റേറ്റ് കമ്മീഷൻ ഫോർ പ്രൊട്ടക്ഷൻ ഓഫ് ചൈൽഡ് റൈറ്റ്സ് റൂൾസ്, 2012 ന്റെ ചെയർ പേഴ്സനായി നിയമിച്ചിട്ടുണ്ട്. | കേരള സ്റ്റേറ്റ് കമ്മീഷൻ ഫോർ പ്രൊട്ടക്ഷൻ ഓഫ് ചൈൽഡ് റൈറ്റ്സ് റൂൾസ്, 2012 ന്റെ ആസ്ഥാനം തിരുവനന്തപുരമായിരിക്കും. |
| 8 | ശ്രീ. മാധവൻ നമ്പ്യാർ ഐ.എ.എസ് | ശ്രീ. മാധവൻ നമ്പ്യാർക്ക് (കേന്ദ്ര സിവിൽ ഏവിയേഷൻ മന്ത്രാലയത്തിലെ മുൻ സെക്രട്ടറി) ഇൻവെസ്റ്റ്മെന്റ് പ്രമോഷൻ ബോർഡിന്റെ ചെയർമാനായി നിയമനം നൽകിയിട്ടുണ്ട്. | ശ്രീ. മാധവൻ നമ്പ്യാർ ഐ.എ.എസ്-ന് കെ.ഐ.ഡി.സി. യിൽ ഒരു ഓഫീസ് മുറി നൽകിയിട്ടുണ്ട്. |
| 9 | ഡോ. എസ്. രവീന്ദ്രൻ ഐ.എ.എസ് | സ്പെഷ്യൽ ആഫീസർ ഓൺ അദർ ഡ്യൂട്ടി (സഹകരണ വകുപ്പ്) | പ്രതിമാസം 50,000/- മൊത്ത ശമ്പളത്തിൽ കരാറടിസ്ഥാനത്തിൽ |

| | | | |
|---|---|---|---|
| | | | നിയമനം ലഭിച്ചിട്ടുണ്ട്. ടിയാന്റെ ഔദ്യോഗിക ആവശ്യത്തിനുള്ള വാഹനം സംസ്ഥാന സഹകരണ ബാങ്ക് നൽകി വരുന്നു. |
| 10 | ശ്രീ. കെ.എസ്. പ്രേമചന്ദ്ര കുറുപ്പ് ഐ.എ.എസ് | കേപ്പ് ഡയറക്ടർ (സഹകരണ വകുപ്പ്) | പ്രതിമാസം 50,000/- രൂപ കൺസോളിഡേറ്റഡ് തുക നിയമനം നൽകിയിരുന്നു. ടിയാന് ഔദ്യേഗിക വാഹനവും നൽകിയിരുന്നു. ശ്രീ. കെ.എസ്. പ്രേമചന്ദ്ര കുറുപ്പ് തൽസ്ഥാനം രാജിവെച്ചു. |
| 11 | ഡോ. കെ. സുകുമാരൻ നായർ ഐ.പി.എസ് | കേപ്പ് ഡയറക്ടർ (സഹകരണ വകുപ്പ്) | ഡോ. കെ. സുകുമാരൻ നായർ ഐ.പി.എസിന് കേപ്പിന്റെ ഡയറക്ടറായി പ്രതിമാസം 50,000 രൂപ കൺസോളിഡേറ്റഡ് തുക ശമ്പളത്തിൽ നിയമനം നൽകിയിരുന്നു. അനാരോഗ്യം കാരണം ഡോ. കെ. സുകുമാരൻ നായർ തൽസ്ഥാനം രാജിവെച്ചു. |
| 12. | ശ്രീ. കെ.എം. ചന്ദ്രശേഖരൻ ഐ.എ.എസ് | ആസൂത്രണ ബോർഡ് വൈസ് ചെയർമാൻ (ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ്). | സംസ്ഥാന (ക്യാബിനറ്റ്) മന്ത്രിക്ക് തുല്യമായ പദവിയാണ് ഇദ്ദേഹത്തിന് നൽകിയിട്ടുള്ളത്. |
| 13. | ശ്രീ. ജേക്കബ് പുന്നൂസ് ഐ.പി.എസ് | ദേശീയ ഗെയിംസ് സെക്രട്ടേറിയറ്റ് സൊസൈറ്റിയിൽ ചീഫ് കമ്മീഷണർ & പ്രിൻസിപ്പൽ കോ-ഓർഡിനേറ്റർ (കായിക യുവജനകാര്യ വകുപ്പ്) | ഡി.ജി.പി-ക്ക് തുല്യമായ പദവിയും ശമ്പളവും മറ്റ് ആനുകൂല്യങ്ങളും ഉണ്ടായിരിക്കുന്നതാണ്. ടിയാന് സ്വകാര്യ മൊബൈൽ ഫോണിന്റെറ ചിലവിനത്തിൽ 1000/- രൂപയും റസിഡൻഷ്യൽ ലാന്റ്ലൈൻ ഫോൺ, ബ്രോഡ്ബാന്റ് നെറ്റ് കണക്ഷൻ എന്നീ ഇനങ്ങളിൽ 1000/- രൂപയും പ്രതിമാസം അനുവദിക്കുന്നതാണ്. ടിയാന്റെ പ്രതിമാസ ശമ്പളത്തിൽ നി ന്നും പെൻഷനും പെൻഷൻ അലവൻസുകളും കുറവ് ചെയ്യുന്നതാണ്. |
| 14 | ശ്രീ. അലക്സാണ്ടർ കെ. ലൂക്ക് ഐ.എ.എസ് | കെ.എസ്.ആർ.ടി.സിയുടെ ചെയർമാൻ & മാനേജിംഗ് ഡയറക്ടർ (ഗതാഗത വകുപ്പ്) | ഗതാഗത വകുപ്പിൽ കെ.എസ്.ആർ.ടി.സിയുടെ ചെയർമാൻ & മാനേജിംഗ് ഡയറക്ടർ ആയി 18.07.2011 മുതൽ നിയമിച്ചിരുന്നു. |

| | | | |
|---|---|---|---|
| | | | അദ്ദേഹം 30.11.2011-ൽ സ്ഥാനമൊഴിഞ്ഞു. കെ.എസ്.ആർ.ടി.സിയുടെ ചെയർമാൻ & മാനേജിംഗ് ഡയറക്ടർക്ക് നല്കിവന്നിരുന്ന എല്ലാ ഔദ്യോഗിക സൗകര്യങ്ങളും ലഭ്യമാക്കിയിരുന്നു. |
| 15. | ശ്രീ. കെ. ജയകുമാർ ഐ.എ.എസ് | 1. 25.02.2013-ൽ തിരുവനന്തപുരം നഗരത്തിലേയ്ക്ക് കുടിവെള്ളം എത്തിക്കുന്ന കേരളാ വാട്ടർ അതോറിറ്റിയുടെ പൈപ്പ് ലൈനുകൾ പൊട്ടാനുണ്ടായ കാരണം അന്വേഷിച്ച് സർക്കാരിന് റിപ്പോർട്ട് സമർപ്പിക്കുന്നതിലേയ്ക്കായി മുൻ ചീഫ് സെക്രട്ടറി ശ്രീ. കെ. ജയകുമാർ അദ്ധ്യക്ഷനായി ഒരു നാല് അംഗ സമിതിയെ നിയോഗിച്ച് ഉത്തരവായിട്ടുണ്ട്. (ജലവിഭവ വകുപ്പ്)<br>2. അഖിലേന്ത്യാ സർവ്വീസിൽ നിന്നും വിരമിച്ചതിനു ശേഷം മുൻ ചീഫ് സെക്രട്ടറി ശ്രീ. കെ. ജയകുമാറിന് തിരുവിതാംകൂർ ദേവസ്വം ബോർഡ് കമ്മീഷണറായി തുടരാനനുവദിക്കുകയും 2012-13 കാലയളവിലെ ശബരിമല മണ്ഡല മകര വിളക്ക് സീസണിന്റെ ചീഫ് ഗവൺമെന്റ് കോ-ഓർഡിനേറ്ററായും നിയമനം നൽകിയിട്ടുണ്ട്. 11.11.2012-ാം തീയതി തിരുവിതാംകൂർ ദേവസ്വം ബോർഡ് പുനഃസംഘടിപ്പിച്ചതോടെ ചീഫ് കമ്മീഷണർ സ്ഥാനത്തു നിന്നും ഒഴിവാക്കിയിട്ടുണ്ട്. കൂടാതെ ശ്രീ. കെ. ജയകുമാർ മാസ്റ്റർ പ്ലാൻ ഇൻഫ്രാസ്ട്രക്ചർ ഫണ്ട് ബോർഡ് മെമ്പറായി തുടരുകയും ചെയ്യുന്നുണ്ട്. | 1. എല്ലാ സർക്കാർ ഉദ്യോഗസ്ഥരും കേരള വാട്ടർ അതോറിറ്റി ജീവനക്കാരും ടി അന്വേഷണ കമ്മിറ്റിയുമായി സഹകരിക്കണമെന്നും കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർ ഈ സമിതിക്ക് യുക്തിപരമായ പിന്തുണ നൽകണമെന്നും ടി ഉത്തരവിൽ നിഷ്കർഷിച്ചിരുന്നു.<br>2. 2012-13 കാലയളവിലെ ശബരിമല മണ്ഡല മകര വിളക്ക് സീസണിന്റെ ചീഫ് ഗവൺമെന്റ് കോ-ഓർഡിനേറ്ററിന്റെ നിയമനവുമായി ബന്ധപ്പെട്ട് ഔദ്യോഗിക സൗകര്യങ്ങളൊന്നും തന്നെ സർക്കാരിൽ നിന്ന് ലഭ്യമാക്കിയിട്ടില്ല.<br>3.സർവ്വകലാശാല വി.സി. മാർക്ക് അനുവദനീയമായ എല്ലാ ആനുകൂല്യങ്ങളും അനുവദിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | 3.ചീഫ് സെക്രട്ടറിയായി വിരമിച്ച ശ്രീ. കെ. ജയകുമാറിന് മലയാളം സർവ്വകലാശാല വി.സി.യായി നിയമിച്ചിട്ടുണ്ട്. | |
| 16. | ശ്രീ. ടി. എം. മനോഹരൻ ഐ.എഫ്.എസ് | ഇൻഡ്യൻ ഫോറസ്റ്റ് സർവ്വീസിൽ നിന്ന് വിരമിച്ച ശ്രീ. ടി.എം. മനോഹരനെ 2003-ലെ ഇൻഡ്യൻ ഇലക്ട്രിസിറ്റി ആക്റ്റിലെ സെക്ഷൻ 85 അനുസരിച്ച് റെഗുലേറ്ററി കമ്മീഷൻ ചെയർമാനായി സർക്കാർ നിയമിച്ചിട്ടുണ്ട്. (ഊർജ്ജ വകുപ്പ്) | കമ്മീഷൻ ചെയർമാൻ എന്ന നിലയിൽ ശ്രീ. ടി.എം. മനോഹരന് ശമ്പളമായി 2006-ലെ കെ.എസ്.ഇ.ആർ.സി (Salaries, Allowances and other Terms and Conditions of Service of Chairperson and Members) Rules (Clause 6) പ്രകാരം അനുവദനീയമായ എൺപതിനായിരം രൂപയിൽ നിന്നും അഖിലേന്ത്യാ സർവ്വീസിൽ നിന്നുള്ള പെൻഷൻ തുക 40,000(നാല്പതിനായിരം) രൂപ കുറവ് ചെയ്ത് 40,000 രൂപ ശമ്പളവും കേന്ദ്ര നിരക്കിൽ ഡി.എ-യും എച്ച്.ആർ.എ-യും, ഔദ്യോഗിക ആവശ്യങ്ങൾക്ക് വാഹനവും, ടെലിഫോൺ സൗകര്യങ്ങളും അനുവദിച്ചിട്ടുണ്ട്. |
| 17. | ശ്രീ. കെ. ചന്ദ്രശേഖര ബാബു | 01.07.2011 മുതൽ കമ്മീഷൻ സെക്രട്ടറിയായി 2003-ലെ ഇൻഡ്യൻ ഇലക്ട്രിസിറ്റി ആക്റ്റിലെ സെക്ഷൻ 91, 2003-ലെ കെ.എസ്.ഇ.സി (കോൺടാക്ട് ഓഫ് ബിസിനസ്) റെഗുലേഷൻസിലെ 6 എന്നിവ പ്രകാരം റിട്ടയേർഡ് ഐ.എ.എസ് ഉദ്യോഗസ്ഥനായ ശ്രീ. കെ. ചന്ദ്രശേഖര ബാബുവിന് കരാറടിസ്ഥാനത്തിൽ സെക്രട്ടറിയായി റെഗുലേറ്ററി കമ്മീഷനും നിയമിച്ചിട്ടുണ്ട് (ഊർജ്ജ വകുപ്പ്) | സെക്രട്ടറിക്ക് പ്രതിമാസം 35,000/- രൂപ പ്രതിഫലമായും (കൺസോളിഡേറ്റഡ് റെമ്യൂണറേഷൻ) കമ്മീഷന്റെ പ്രിൻസിപ്പൽ ഓഫീസർ എന്ന നിലയ്ക്ക് ഔദ്യോഗിക ആവശ്യങ്ങൾക്ക് വാഹനവും ടെലഫോൺ സൗകര്യവും അനുവദിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| 18. | ശ്രീ. ടി. ബാലകൃഷ്ണൻ ഐ.എ.എസ് | ശ്രീ. ടി. ബാലകൃഷ്ണൻ ഐ.എ.എസിനെ വിരമിച്ചതിനുശേഷം INKEL ന്റെ മാനേജിംഗ് ഡയറക്ടറായും, കേരളാ ഹൈസ്പീഡ് റയിൽ കോർപ്പറേഷന്റെ മാനേജിംഗ് ഡയറക്ടറായും നിയമനം നൽകിയിട്ടുണ്ട്. | ശ്രീ. ടി. ബാലകൃഷ്ണൻ ഐ.എ.എസ്, കചഗളൗഘ ൽ നിന്നും ശമ്പളം വാങ്ങുന്നില്ല. അദ്ദേഹം കേരളാ ഹൈസ്പീഡ് റയിൽ കോർപ്പറേഷനിൽ നിന്നാണ് ശമ്പളം വാങ്ങുന്നത്. ഇദ്ദേഹത്തിന് ആഫീസും കാറും രണ്ട് സ്ഥാപനങ്ങളും അനുവദിച്ചു നൽകിയിട്ടുണ്ട്. |
| 19. | ശ്രീ. ദിവാകരൻ ഐ.പി.എസ് | കേരളാ ഓട്ടോ മൊബൈൽസ് ലിമിറ്റഡിൽ ഐ.പി.എസിൽ നിന്നും വിരമിച്ച ശ്രീ. ദിവാകരനെ ചീഫ് സെക്യൂരിറ്റി ഓഫീസർ/വിജിലൻസ് ഓഫീസർ തസ്തികയിൽ ഒരു വർഷത്തേയ്ക്ക് കരാറടിസ്ഥാനത്തിൽ നിയമനം നൽകിയിട്ടുണ്ട്. | ഇദ്ദേഹത്തിന് ഔദ്യാഗിക സൗകര്യങ്ങളൊന്നും നൽകിയിട്ടില്ല. |
| 20. | ശ്രീ. ടി.പി. ശ്രീനിവാസൻ ഐ.എ.എസ് | അംബാസഡർ (റിട്ടയേർഡ്) ശ്രീ. ടി.പി. ശ്രീനിവാസന് ഉന്നത വിദ്യാഭ്യാസ കൗൺസിൽ വൈസ് ചെയർമാനായി നിയമനം നൽകിയിട്ടുണ്ട്. | ശമ്പളം, യാത്രാസൗകര്യം, ടെലഫോൺ സൗകര്യം (മൊബൈൽ, ലാൻഡ് ലൈൻ, റസിഡൻഷ്യൽ), വർത്തമാന പത്രം, മാഗസിനുകൾ എന്നിവ ഔദ്യാഗിക സൗകര്യങ്ങളായി ശ്രീ. ടി.പി. ശ്രീനിവാസന് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ